ഗവ.മെഡിക്കൽ കോളേജ്, ഇടുക്കി
ഇടുക്കി കോളനി പി. ഒ
ഇടുക്കി 685602
☎ 04862 233075 04862 233076 @ www.gmci.in

GOVERNMENT MEDICAL COLLEGE IDUKKI
Idukki Colony, P.O.
Idukki- 685602
Email: gmciprincipal@gmail.com

No. A/781/2019/GMCI

തീയതി : 08/08/2023

## ടെണ്ടർ നോട്ടീസ്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഇടുക്കി ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ 01/09/2023 മുതൽ 31/03/2024 വരെയുള്ള ആവശ്യത്തിലേയ്ക്ക് 2023-24 സാമ്പത്തിക വർഷം 5 സീറ്റ് യാത്രാ വാഹനം, ലൈസൻസുള്ള ഡ്രൈവർ സഹിതം വാടകയ്ക്ക് ലഭ്യമാക്കാൻ തയ്യാറുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ടെൻഡറുകൾ ക്ഷണിക്കുന്നു ടെൻഡർ 10/08/2023 മുതൽ സ്വീകരിക്കുന്നതാണ്.

1. അടങ്കൽ തുക പ്രതിമാസം 800 (എണ്ണൂറ് കിലോമീറ്റർ മാത്രം) കിലോമീറ്റർ 16,000/- (പതിനാറായിരം രൂപ മാത്രം) രൂപ.
2. ഒരു മാസം 800 കിലോമീറ്ററിനു മുകളിൽ ഓടിയാൽ ഒരു കിലോമീറ്ററിന് 20/- (ഇരുപത് രൂപ മാത്രം) രൂപ നിരക്കിൽ വാടക നൽകുന്നതാണ്
3. ഇ.എം.ഡി. അടങ്കൽ തുകയുടെ 2.5% നൽകേണ്ടതാണ്. അതായത്, ടെൻഡറിനൊപ്പം 2800/- (രണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപയുടെ, പ്രിൻസിപ്പാളിന്റെ പേരിൽ മാറാവുന്ന ഡി.ഡി, ഇ.എം.ഡി. ആയി സമർപ്പിക്കേണ്ടതാണ്.
4. സെക്യൂരിറ്റി ഡെപ്പോസിറ്റ് ആകെ അടങ്കൽ തുകയുടെ 5% ആയിരിക്കും. ടെൻഡർ ലഭിക്കുന്നയാൾ 5600/- (അയ്യായിരത്തി അറുന്നൂറ് രൂപ മാത്രം) സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നൽകേണ്ടതാണ്.
5. വാഹനം 01/01/2014 നോ അതിനേ ശേഷമോ നിർമ്മിച്ചതായിരിക്കണം.
6. വാഹന വാടകമാത്രം വകുപ്പിൽ നിന്നും നൽകുന്നതും ഇന്ധന ചിലവ്, വാഹനത്തിന്റെ മെയിന്റനൻസ്, ഡ്രൈവറുടെ ശമ്പളം, ടാക്സ്, ഇൻഷ്വറൻസ്, പെർമിറ്റ്, എന്തെങ്കിലും അപകടം സംഭവിക്കുന്ന പക്ഷം ആയതിന്മേലുണ്ടാകുന്ന ചിലവ്, കേസ് തുടങ്ങി എല്ലാ ചിലവുകളും ബാദ്ധ്യതകളും കരാറുകാരൻ വഹിക്കേണ്ടതാണ്.
7. വാഹനത്തിന് ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമം അനുശാസിക്കുന്ന എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതാണ്. വാഹനം കരാറുകാരന്റെ പേരിലുള്ളതാകണം. ടെൻഡറിനൊപ്പം വാഹന രേഖകളുടേയും ഡ്രൈവറുടെ ലൈസൻസിന്റേയും സ്വയം സക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്.
8. ടെൻഡർ ലഭിക്കുന്നയാൾ 200/- (ഇരുന്നൂറ് രൂപ മാത്രം) രൂപയുടെ മുദ്രപത്രത്തിൽ കരാർ നൽകേണ്ടതാണ്.
9. സ്റ്റോർ പർച്ചേസ് റൂൾ പ്രകാരമുള്ള എല്ലാ നിയമങ്ങളും ടെൻഡറിന് ബാധകമായിരിക്കും.
10. ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ടെൻഡറുകൾ സ്വീകരിക്കുന്നതിനോ നിരസിക്കുന്നതിനോ ഉള്ള അധികാരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും.

11. മുദ്രവച്ച ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയതി 24/08/2023 ന് 1.00 PM വരെയായിരിക്കും.

12. ടെൻഡറുകൾ തുറക്കുന്ന സമയം 24/08/2023 03. 00 PM ന് ആയിരിക്കും. വൈകി ലഭിക്കുന്നതും അപൂർണ്ണവുമായ ടെൻഡറുകൾ നിരസിക്കുന്നതാണ്.

13. ടെൻഡർ ഫോമുകൾ ഇടുക്കി ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഓഫീസിൽ 10/08/2023 മുതൽ ലഭ്യമാണ്. 560/- (അഞ്ഞൂറ്റി അറുപത് രൂപ മാത്രം). രൂപ ഒടുക്കി ടെൻഡർ ഫോം വാങ്ങാവുന്നതാണ്.

14. ടെൻഡർ നോട്ടീസിന് പുറത്ത് “വാഹനം വാടകയ്ക്ക് നൽകുന്നതിനുള്ള ടെൻഡർ” എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

15. ടെൻഡർ തീയതി നീട്ടി വയ്ക്കുന്നതിനോ, ടെൻഡറുകൾ നിരസിക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം മെഡിക്കൽ കേളേജ് പ്രിൻസിപ്പാളിൽ നിക്ഷിപ്തമാണ്.

16. സേവനം തൃപ്തികരമല്ലാത്ത പക്ഷം മുൻകൂർ നോട്ടീസ് നൽകാതെ തന്നെ ഏത് സമയത്തും കരാർ റദ്ദ് ചെയ്യുന്നതിന് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

GOVERNMENT MEDICAL COLLEGE IDUKKI PIN-685 602

പ്രിൻസിപ്പാൾ

PRINCIPAL
Government Medical College
Idukki - 685 602

| |
|---|
| കൂടുതൽ വിവരങ്ങൾക്ക് ഇടുക്കി ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ ഓഫീസുമായി ബന്ധപ്പെടുക.<br>ഫോൺ നമ്പർ : 04862 233075. |

പകർപ്പ്,

1. വെബ് സൈറ്റ്
2. നോട്ടീസ് ബോർഡ്.
3. ഓഫീസ് കോപ്പി/കരുതൽ ഫയൽ

SN